അട്ടപ്പാടിയിലെ ശിശുമരണങ്ങൾ

278 (4269) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടിയിലെ ശിശുമരണങ്ങളെത്തുടർന്ന് കഴിഞ്ഞ വർഷം ഇവിടേക്കായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പ്രത്യേക പാക്കേജുകൾ പ്രഖ്യാപിച്ചിരുന്നോ; എങ്കിൽ എന്നാണ് പ്രഖ്യാപിച്ചത്;

(ബി) പ്രഖ്യാപിച്ച പാക്കേജുകൾ എന്തൊക്കെയായിരുന്നു; ഓരോ പദ്ധതിക്കും അനുവദിച്ച തുകയും ഇതുവരെ ചെലവഴിച്ച തുകയും വ്യക്തമാക്കുമോ;

(സി) പദ്ധതികൾ പ്രഖ്യാപിച്ച ശേഷം ഇതുവരെ എല്ലാ വകുപ്പുകളും/ ഏജൻസികളും പങ്കെടുത്ത എത്ര അവലോകന യോഗങ്ങൾ ചേർന്നു; ഈ അവലോകന യോഗങ്ങളിൽ എത്ര ഉദ്യോഗസ്ഥരാണ് പങ്കെടുക്കേണ്ടത്; എത്ര പേർ ഓരോ യോഗത്തിലും പങ്കെടുത്തു; ആരാണ് ഈ യോഗങ്ങൾക്ക് മേൽനോട്ടം വഹിച്ചിരുന്നത്;

(ഡി) അവലോകന യോഗങ്ങളിൽ പദ്ധതികൾ നടപ്പാക്കുന്നതിൽ എന്തെങ്കിലും വീഴ്ചകൾ സംഭവിക്കുന്നതായി കണ്ടെത്തിയിരുന്നോ; എങ്കിൽ എന്തെല്ലാം വീഴ്ചകളാണ് കണ്ടെത്തിയത്;

(ഇ) അവലോകന യോഗങ്ങളിൽ ഫണ്ടു ലഭിക്കാത്തതും, ടഷറി നിയന്ത്രണവും ശ്രദ്ധയിൽപ്പെട്ടിരുന്നോ; എങ്കിൽ അതിന്മേൽ എന്ത് നടപടികളാണ് പിന്നീട് സ്വീകരിച്ചത്;

(എഫ്) വിവിധ പാക്കേജുകൾ പ്രഖ്യാപിച്ചതിനുശേഷം ഇതുവരെ എത്ര ശിശുമരണങ്ങളും ഗർഭസ്ഥ ശിശുമരണങ്ങളും നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അട്ടപ്പാടിയിലെ ശിശുമരണം സംബന്ധിച്ച റിപ്പോർട്ടുകളെത്തുടർന്ന് 25-4-2013-ൽ പ്രത്യേക പദ്ധതികൾ പ്രഖ്യാപിച്ചിരുന്നു.

(ബി) പ്രധാനമായും പരമ്പരാഗത കൃഷി പരിപോഷിപ്പിക്കൽ, സ്ത്രീ ശാക്തീകരണം, പോഷകാഹാര വിതരണം, പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, സമഗ്ര ആരോഗ്യ പദ്ധതികൾ എന്നിവ നടപ്പാക്കാൻ തീരുമാനിച്ചു പ്രസ്തുത പദ്ധതിക്ക് അനുവദിച്ച തുകയും നാളിതുവരെ ചെലവഴിച്ച തുകയും ചുവടെ സമർപ്പിക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

ക്രമ നമ്പർ	പദ്ധതി	നീക്കിവെച്ച തുക	നാളിതുവരെ ചെലവഴിച്ച തുക	കുറിപ്പ്
1	പാരമ്പര്യകൃഷി അഭിവൃദ്ധിപ്പെടുത്തൽ	3.08 കോടി രൂപ	95,75,723	നാളിതുവരെ 1.80 കോടി രൂപ അനുവദിച്ചിട്ടുണ്ട്.
2	കമ്മ്യൂണിറ്റി കിച്ചൻ	2.24 കോടി	1.93 കോടി	
3	കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന പ്രത്യേക കേന്ദ്ര പദ്ധതി	97 കോടി (ഏഴ് വർഷ പദ്ധതി)	79,32,990	ഇതിനോടകം4.81 കോടിരൂപ അനുവദിച്ചിട്ടുണ്ട്.
4	പശ്ചാത്തല വികസനം(16 റോഡുകൾ ആകെ 70.670 കി. മീറ്റർ)	76.14 കോടി	ഇല്ല	പ്രവൃത്തി ആരംഭഘട്ടത്തിലാണ്.
5	സമഗ്ര ആരോഗ്യ പദ്ധതി (NRHM മുഖേന നടപ്പിലാക്കുന്നത്)	4.33 കോടി	2.17 കോടി	

(സി) പദ്ധതികൾ പ്രഖ്യാപിച്ചശേഷം പത്ത് അവലോകന യോഗങ്ങൾ നടത്തിയിട്ടുണ്ട്. 12 വകുപ്പുകൾ/ഏജൻസികളുടെ പ്രതിനിധികളാണ് പങ്കെടുക്കേണ്ടത്. എല്ലാ യോഗങ്ങളും ഒട്ടുമിക്ക വകുപ്പുകളുടെയും/ഏജൻസികളുടെയും പ്രതിനിധികൾ പങ്കെടുത്തിട്ടുണ്ട്. അട്ടപ്പാടി പ്രത്യേക പാക്കേജിന്റെ സ്പെഷ്യൽ ഓഫീസർ ശ്രീ. എസ്. സുബ്ബയ്യ, ഐ.എ.എസ് (റിട്ട.) ആണ് മേൽനോട്ടം വഹിച്ചിരുന്നത്.

(ഡി) യഥാസമയം ഫണ്ട് അനുവദിച്ച് കിട്ടാത്ത ചില സന്ദർഭങ്ങളിൽ കമ്മ്യൂണിറ്റി കിച്ചന്റെ പ്രവർത്തനം നേരിയ തോതിൽ തടസ്സപ്പെട്ടിരുന്നു. കാർഷിക പദ്ധതിയുടെ നടത്തിപ്പിൽ നേരിട്ട ചില തടസ്സങ്ങൾ ഒഴിവായി വരുന്നു. കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ ആവശ്യമായ ഉപകരണങ്ങൾ ലഭ്യമായതോടെ ആശുപത്രിയുടെ പ്രവർത്തനം സുഗമമായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ശ്രദ്ധയിൽപ്പെട്ടിരുന്നു. വിവിധ വകപ്പുമന്ത്രിമാർ പങ്കെടുത്ത യോഗത്തിൽ ടി വിഷയങ്ങൾ ചർച്ച ചെയ്ത് പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്തിരുന്നു. അട്ടപ്പാടി പാക്കേജുമായി ബന്ധപ്പെട്ട് പ്രത്യേക ട്രഷറി നിയന്ത്രണങ്ങൾ ഉണ്ടായിട്ടില്ല.

(എഫ്) ശിശുമരണങ്ങൾ - 14.

അട്ടപ്പാടിയിലെ ശിശുമരണങ്ങൾ സംബന്ധിച്ച പഠനം

279 (4270) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടിയിലെ വലിയ തോതിലുള്ള ശിശുമരണം സംബന്ധിച്ച് എന്തെല്ലാം പഠനങ്ങളാണ് നടത്തിയിട്ടുള്ളത്; എന്നാണ് നടത്തിയത്; ആരുടെ നേതൃത്വത്തിലാണ് നടത്തിയത്; റിപ്പോർട്ട് സമർപ്പിച്ചുവോ; എന്നാണ് സമർപ്പിച്ചത്; റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ;

(ബി) അട്ടപ്പാടിയിലെ അമ്മമാരുടെയും, കുട്ടികളുടെയും ആരോഗ്യത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; അതിനായി എത്ര തുക ചെലവഴിച്ചു; പ്രവർത്തനങ്ങൾ ആരാണ് ഏകോപിപ്പിച്ചത്; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) യൂണിസെഫ്, ഡോ. ഇക്ബാൽ കമ്മിറ്റി, ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ, തൃശ്ശൂർ മെഡിക്കൽ കോളേജ് ഡോക്ടർമാരുടെ നേതൃത്വത്തിലുള്ള സംഘം, ഹൈദരാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ന്യൂട്രീഷൻ എന്നീ സംഘങ്ങൾ അട്ടപ്പാടി മേഖലയിൽ പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) അട്ടപ്പാടിയിലെ പട്ടികവർഗ്ഗ അമ്മമാരുടെയും കുട്ടികളുടെയും ആരോഗ്യ സംരക്ഷണത്തിനായി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. പട്ടിക വർഗ്ഗക്കാർക്കിടയിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് ഈ മേഖലയിൽ 3 ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സെന്ററുകൾ തുറന്ന് പ്രവർത്തിക്കുന്നുണ്ട്. ഗുരുതരമായ അനീമിയ ബാധിച്ച കുട്ടികളെ ഇവിടെ കിടത്തി ചികിത്സിക്കുന്നുണ്ട്. ഐ.സി.ഡി.എസ്. അംഗൻവാടികൾ വഴി പ്രത്യേക ന്യൂട്രീഷൻ കിറ്റുകൾ വിതരണം ചെയ്യുന്നുണ്ട്. സാമൂഹ്യനീതി വകപ്പിന്റെ 101 സമൂഹ അടുക്കളകൾ അട്ടപ്പാടി ഊരുകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. 5 മൊബൈൽ മെഡിക്കൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly